# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 20.06.2018-ൽ മറുപടിക്ക്

നമ്പർ.3406

**ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) പി.എസ്.സി. റാങ്ക് ലിസ്റ്റ്**

ചോദ്യം

ശ്രീ.പി.ടി.എ.റഹീം

ഉത്തരം

പിണറായി വിജയൻ

മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 03.08.2015 ന് നിലവിൽ വന്നു. |
| (ബി) | ഈ ലിസ്റ്റിൽ നിന്നും എത്ര പേരെയാണ് ഇതുവരെ നിയമിച്ചിട്ടുള്ളത്; | (ബി) | റിപ്പോർട്ട് ചെയ്ത 44 ഒഴിവുകളിൽ 27 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി നിയമന ശിപാർശ നൽകിയിട്ടുണ്ട്.ബാക്കി 17 ഒഴിവുകൾ ബന്ധപ്പെട്ട സംവരണ വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ NCA വിജ്ഞാപനത്തിനായി മാറ്റിവച്ചിരിക്കുന്നു. |
| (സി) | ഒഴിവുകൾ നിലവിലിരിക്കെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന റാങ്ക് ഹോൾഡേഴ്സിന്റെ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ഉണ്ട്. വിവിധ സർക്കുലറുകൾ പ്രകാരം വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും പി.എസ്.സി മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സിയെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |
| (ഡി) | നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ